പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)

## അൻപത്തിയൊമ്പതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അൻപത്തിയൊമ്പതാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

306/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 25 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അൻപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ 21-ാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 21-ാമത് റിപ്പോർട്ട്, 2006 മാർച്ച് മാസം 15-ാം തിയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 23 ശിപാർശകളാണ് ഉള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 24-10-2007, 15-5-2012, 30-9-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 11, 23, 30, 31, 36, 37, 42, 43, 50, 51, 52, 69, 70, 86, 103, 110, 111 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർ ശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ, സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നല്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ഖണ്ഡിക 11, 36, 37, 42, 43, 50, 51, 52, 69, 70, 86, 103, 110, 111 എന്നിവയിലെ ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 23

1.1.1 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി 90,460 രൂപ സ്വന്തമായി എഴുതി മാറിയെടുത്തത് നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ടെങ്കിൽ അതിന്റെ

വ്യക്തമായ രേഖ ഹാജരാക്കേണ്ടതാണ്. ഇവിടെ അത് പാലിച്ചിട്ടില്ലെന്നതിൽ നിന്നും ഇതിൽ ക്രമക്കേട് നടത്തിയിട്ടുണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി തൃപ്തികരമായി പൂർത്തിയാക്കിയതായുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇതെല്ലാം നടപടിക്രമങ്ങളുടെ ലംഘനമാണ് വെളിപ്പെടുത്തുന്നതെന്നും ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികളുടെ അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

1.1.2 പരാമർശ വിഷയം സംബന്ധിച്ച ടി കാലയളവിൽ നേമം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ആർ. രവി നായർ നൽകിയ വിശദീകരണത്തിൽ നേമം ഗ്രാമപഞ്ചായത്തിന്റെ ചാർജ് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. രാജേന്ദ്രപ്രസാദിന് കൈമാറിയെന്നും ടിയാൻ തിരുവനന്തപുരം നഗരസഭയിൽ നിന്നും നിയോഗിക്കപ്പെട്ട ശ്രീമതി ലളിതാംബികയ്ക്ക് ചാർജ് കൈമാറുകയും ചെയ്തതായി അറിയിച്ചിരുന്നു. 1998-99-ലെ ഓഡിറ്റ് ഫയലും അനുബന്ധ റിക്കോർഡുകളും ലഭ്യമാകാതെ അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ കൈക്കൊള്ളാൻ കഴിയുകയില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് 22-12-2006-ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ കോർപ്പറേഷൻ സെക്രട്ടറിക്ക് 22-2-2007-ന് നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുമായി ബന്ധപ്പെട്ട് ആവശ്യമായ അനുമതി വാങ്ങി കോർപ്പറേഷന്റെ നേമം സോണൽ ഓഫീസിൽ നേരിട്ട് പോയി കേൾക്കുകയും പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരം എ. ഡി. പി.ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നേമം സോണൽ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും കോർപ്പറേഷൻ അധികൃതരുടെ സഹായത്തോടെ എ. ഡി. പി. നേരിട്ട് പരിശോധിച്ച് താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

1.1.3 ടി കാലയളവിലെ മിനിറ്റ്സ് പരിശോധിച്ചതിൽ തനത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുന്നതിന് ശാരദാ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 10-11-1998-ലെ 19-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതായി കാണുന്നു. ഇതേ സ്ഥാപനത്തിൽ നിന്നും പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക്കൽ മെറ്റീരിയൽ വാങ്ങുന്നതിന് 31-12-1998-ലെ 27-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം

നൽകിയിട്ടുണ്ട്. സാധനം വാങ്ങിയതു സംബന്ധിച്ചും വിതരണം ചെയ്തതു സംബന്ധിച്ചുമുള്ള സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനാ വേളയിൽ ലഭ്യമാക്കിയിട്ടില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

1.1.4 പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് സാധനം വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്ന് എ. ഡി. പി. വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരം

1.1.5 നേമം ഗ്രാമപഞ്ചായത്തിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടികളിലൂടെ കൃത്യവിലോപം വരുത്തിയ ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം ആരായുക. അവർക്കെതിരെ നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാതിരുന്നതിനുള്ള കാരണം സംബന്ധിച്ച അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ

1.1.6 പരാമർശ വിഷയവുമായി ബന്ധപ്പെട്ട് നേമം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. ആർ. രവി നായരോട് 23-12-2004-ലെ ഡി3-40241/04 നമ്പർ കത്ത് പ്രകാരം വിശദീകരണം ആരാഞ്ഞിരുന്നു. നേമം ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം നഗരസഭയിൽ ചേർക്കുന്ന നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് നേമം ഗ്രാമപഞ്ചായത്തിൽ നിന്നും പുന്നപ്ര നോർത്ത് പഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെട്ട സമയത്ത്, 30-9-2000-ൽ നേമം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഫയലുകളും ചെക്കുബുക്കുകളും, കൗണ്ടർഫോയിലുകളും തുടങ്ങിയ എല്ലാ രേഖകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. രാജേന്ദ്രപ്രസാദിന് കൈമാറിയിരുന്നു എന്ന വിവരമാണ് ശ്രീ. രവി നായർ നൽകിയിരുന്നത്. പരാമർശവിധേയമായ പദ്ധതി സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ പ്രകാരം പത്രപരസ്യം മുഖേന ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ സ്വീകരിച്ചിരുന്നു എന്ന വിവരവും ശ്രീ. രവി നായർ അറിയിച്ചിരുന്നു. മാത്രമല്ല ബന്ധപ്പെട്ട വർഷത്തെ ആഡിറ്റ് നടന്ന സമയത്ത് ഈ ഫയൽ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല എന്നത് സംബന്ധിച്ച് യാതൊരു ആക്ഷേപവും തന്നെ അറിയിച്ചിരുന്നില്ല എന്നും ശ്രീ. രവി നായർ വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.

1.1.7 ശ്രീ. രവി നായരുടെ വിശദീകരണം പരിശോധിച്ചതിൽ നിന്നും ബന്ധപ്പെട്ട ഫയൽ പരിശോധിക്കാതെ എന്തെങ്കിലും തരത്തിലുള്ള നടപടികൾ ടിയാനെതിരെ സ്വീകരിക്കുന്നത് ഉചിതമല്ല എന്ന് കണ്ടതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ

പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുതലായവരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സോണൽ ആഫീസർക്ക് നിരവധിതവണ അപേക്ഷ നൽകിയെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്കായി ലഭിച്ചിരുന്നില്ല. തുടർന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നേരം സോണൽ ആഫീസിൽ നേരിട്ടുപോയി പരിശോധിച്ചുവെങ്കിലും ബന്ധപ്പെട്ട ഫയൽ ലഭിച്ചിരുന്നില്ല. തുടർന്ന് ഈ ആഫീസിൽ നിന്നും വിഷയത്തിന്റെ ഗൗരവം രേഖപ്പെടുത്തി വിശദമായ കത്ത് നഗരകാര്യ ഡയറക്ടർക്ക് നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് 22-12-2006-ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയ കത്തിന്റെ ഒരു പകർപ്പ് ഈ ആഫീസിൽ ലഭ്യമാക്കിയതല്ലാതെ ആവശ്യപ്പെട്ടിരുന്ന ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും നഗരകാര്യ വകുപ്പധികൃതർ സ്വീകരിച്ചിരുന്നില്ല.

1.1.8 എല്ലാവിധ നടപടിക്രമങ്ങളും പാലിച്ചാണ് പദ്ധതി നടപ്പിലാക്കിയിരുന്നത് എന്നാണ് മുൻ സെക്രട്ടറി ശ്രീ. രവി നായർ സമർപ്പിച്ച വിശദീകരണത്തിൽ രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ ഇതിന്റെ ആധികാരികത പ്രാഥമികമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഇതുവരെ ലഭ്യമായിട്ടില്ല. ഇക്കാരണത്താലാണ് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാതിരുന്നത് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്.</u>

1.1.9 ഫയലുകളും അനുബന്ധ രേഖകളും ലഭ്യമല്ല എന്നു വ്യക്തമാക്കിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിക്കുന്നു.

<u>തുടർശിപാർശ</u>

1.1.10 **ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും അടിയന്തരമായി കണ്ടെത്തി മേൽ നടപടികൾ സ്വീകരിക്കുവാനും അല്ലാത്തപക്ഷം അവ നഷ്ടപ്പെടുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി ശിക്ഷാ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 30, 31

1.2.1 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും വർഷത്തിൽ നിശ്ചിതസമയം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്നുവെങ്കിൽ ഈ നടപടി സ്വീകരിക്കുന്നതിന് ഇത്രയധികം കാലതാമസം ഉണ്ടാകുമായിരുന്നില്ലെന്നും പഞ്ചായത്ത് അധികൃതരുടെ ഉത്തരവാദിത്വരാഹിത്യവും ഉദാസീന മനോഭാവവുമാണ് ഇതിനെല്ലാം കാരണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിനായി നിശ്ചിതസമയം നീക്കിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1.2.2 ഓഡിറ്റിന്റെ കാര്യങ്ങൾക്കായി ഒരു ക്ലാർക്കിനെ പ്രത്യേകം ചുമതലപ്പെടുത്തണമെന്നും ബന്ധപ്പെട്ട സെക്രട്ടറി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് നടപടികൾ വിലയിരുത്തി യഥാസമയം അവ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനുംവേണ്ട യുക്തമായ തീരുമാനങ്ങളും നിർദ്ദേശങ്ങളും കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ചന്ത ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് ഉണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട സെക്രട്ടറിമാരായ ശ്രീ. രാധാകൃഷ്ണൻ നായർ, ശ്രീമതി ലളിതാഭായി എന്നിവരിൽ നിന്നും ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

1.2.3 ഓഡിറ്റ് പരാമർശങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഈ ഓഫീസിൽ നിന്നുള്ള 11-7-2007-ലെ എച്ച്1.21344/07 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

1.2.4 ചന്ത ലേലവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ശ്രീ. രാധാകൃഷ്ണൻ നായർ, ശ്രീമതി ലളിതാഭായി എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ശ്രീമതി ലളിതാഭായിക്ക് ഡി. സി. ആർ. ജി. ഇതുവരെ നൽകിയിട്ടില്ല. ബാദ്ധ്യത തുക ടിയാളുടെ ഡി. സി. ആർ. ജി.യിൽ നിന്നും ഈടാക്കുന്നതാണ്. ശ്രീമതി ലളിതാഭായിയുടെ പേരിലുള്ള ബാദ്ധ്യത അടിയന്തരമായി തിട്ടപ്പെടുത്തി നൽകുന്നതിന് തിരുവനന്തപുരം ഡി.ഡി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1.2.5 ശ്രീ. ആർ. രാധാകൃഷ്ണൻ നായരോട് ബാദ്ധ്യത തുക ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാൻ തുക ഒടുക്കാത്ത സാഹചര്യത്തിൽ ആർ. ആർ. നടപടി പ്രകാരം തുക ഈടാക്കാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

1.2.6 ഓഡിറ്റ് പരാമർശങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴും വീഴ്ചവരുത്തുന്നുണ്ട്. ചന്ത ലേലവുമായി ബന്ധപ്പെട്ട് നഷ്ടത്തിനുത്തരവാദികളായ ശ്രീ. രാധാകൃഷ്ണൻ നായർ, ശ്രീമതി ലളിതാഭായി എന്നിവരിൽ നിന്നും തുക ഈടാക്കിയിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു.

## സമിതി ആരാഞ്ഞ അധികവിവരം

1.2.7 ചന്ത ലേലവുമായി ബന്ധപ്പെട്ട് കോട്ടുകാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ ശ്രീ. രാധാകൃഷ്ണൻ നായർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾക്ക് കാലതാമസം വരാനുള്ള കാരണവും ശ്രീമതി ലളിതാഭായിയുടെ പേരിലുള്ള ബാദ്ധ്യത ടിയാളുടെ ഡി. സി. ആർ. ജി.യിൽനിന്ന് ഈടാക്കാതിരിക്കാനുള്ള കാരണവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ

1.2.8 ഓഡിറ്റ് പരാമർശ കാലയളവിൽ കടൽത്തീര പഞ്ചായത്തായ കോട്ടുകാൽ ഗ്രാമ പഞ്ചായത്തിലും അടുത്തുള്ള തീരദേശത്തും ചിപ്പിയിലും മത്സ്യങ്ങളിലും വിഷം കലർന്നിരുന്ന സാഹചര്യം ഉണ്ടാകുകയും മത്സ്യങ്ങൾ ചത്ത് അടിയുകയും മനുഷ്യർക്കുവരെ ജീവഹാനിയുണ്ടാക്കുകയും ചെയ്തിരുന്നു. ഇതു കാരണം ഈ പഞ്ചായത്തിലെ ചന്തകൾ പ്രവർത്തിക്കാതെവരികയും മാസങ്ങളോളം പ്രധാന വിപണന സാധനങ്ങളായ ചിപ്പിയും മത്സ്യവും വരാത്തതുമൂലം ചന്ത ലേലം പിടിച്ചിരുന്നവർക്ക് വൻതുക നഷ്ടമുണ്ടാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ചന്ത ലേലത്തിൽ കുറവുണ്ടായ തുക അന്നത്തെ സെക്രട്ടറിയായ ശ്രീ. ആർ. രാധാകൃഷ്ണൻ നായരിൽ നിന്നും ഈടാക്കാനുള്ള നിർദ്ദേശം ഒഴിവാക്കി നല്കണമെന്ന് 22-6-2012-ന് ചേർന്ന ഗ്രാമപഞ്ചായത്ത് സമിതിയുടെ VI(21)-ാം നമ്പർ തീരുമാനപ്രകാരം ബഹു. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്.

1.2.9 ശ്രീമതി ലളിതാഭായി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ബാദ്ധ്യത തുക ടിയാളുടെ ഡി. സി. ആർ. ജി.യിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 20-7-2009-ലെ WP(C)33555/2008(T) നമ്പർ വിധിന്യായത്തിൽ ശ്രീമതി ലളിതാഭായിക്ക് അർഹതപ്പെട്ട ഡി. സി. ആർ. ജി. തുക അനുവദിക്കുവാനും ടിയാളിൽ നിന്നും തുക എന്തെങ്കിലും ഈടാക്കാനുണ്ടെങ്കിൽ 1963-ലെ കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാനും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ലളിതാഭായിക്ക് ഡി. സി. ആർ. ജി.

നൽകുകയുണ്ടായി (ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു). 22-6-2012-ന് ചേർന്ന ഗ്രാമപഞ്ചായത്ത് സമിതി VI(22)-ാം നമ്പർ തീരുമാനപ്രകാരം ശ്രീമതി ലളിതാഭായിയിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ നിരാകരിച്ച തുകയായ 13,750 രൂപ ഈടാക്കി നൽകുവാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ച ആയതിന്റെ അടിസ്ഥാനത്തിൽ 13-12-2012-ലെ എ 1-5980/12 നമ്പർ കത്ത് പ്രകാരം ശ്രീമതി പി. ലളിതാഭായിയിൽ നിന്നും കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് സെക്ഷൻ 3(1) പ്രകാരം തുക ഈടാക്കി നൽകുന്നതിന് നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്.</u>

1.2.10 ഈ വിഷയവുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. മുൻ സെക്രട്ടറി ശ്രീ. ആർ. രാധാകൃഷ്ണൻ നായരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി ആരംഭിച്ചിട്ടില്ല. ശ്രീമതി പി. ലളിതാഭായിയിൽ നിന്നും തുക ഈടാക്കാനുള്ള നടപടി ആരംഭിച്ചതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

<u>തുടർശിപാർശ</u>

1.2.11 **കോടതി ഉത്തരവിന്റെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>അദ്ധ്യായം II</u>

## സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽനിന്നു ലഭിച്ച മറുപടികളും

<u>ഖണ്ഡിക നമ്പർ 6</u>

<u>ശിപാർശ</u>

2.1.1 ഓഡിറ്റ് പരാമർശങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ വൈമുഖ്യം കാണിക്കുന്ന പ്രവണതയാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പിന്തുടരുന്നത്.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായും നിശ്ചിത സമയപരിധിക്കുള്ളിലും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇപ്രകാരം മറുപടി നൽകാത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.1.2 ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി നൽകണമെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് ഈ ഓഫീസിൽ നിന്നുള്ള 11-7-2007-ലെ എച്ച് 1-21344/07 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

<u>ഖണ്ഡിക നമ്പർ 11</u>

<u>ശിപാർശ</u>

2.2.1 പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കി ഗവൺമെന്റിലേക്ക് അയച്ച തീരുമാനം തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഉള്ളതാണെന്ന് അറിയാമായിരുന്നിട്ടും അക്കാര്യം മറച്ചുകൊണ്ടാണ് സെക്രട്ടറി മറുപടി നൽകിയത്. ഇത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ കൃത്യവിലോപമാണ്. അതിനാൽ ഇക്കാര്യത്തിൽ സെക്രട്ടറി ശ്രീ. മോഹൻദാസിന്റെ പേരിൽ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്തിന് മിച്ച ഫണ്ട് ഉണ്ടായിരിക്കെ, കറണ്ട് ചാർജ്ജ് യഥാസമയം ഒടുക്കാതെ പിഴപ്പലിശ ഇനത്തിൽ 1,01,988 രൂപ അടച്ച് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയ കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ. എ. എഡിസനെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2.2.2 ശ്രീ. എഡിസനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 17-4-2006-ലെ എൽ.എഫ്-4592/സ്പെ.സെൽ/എസ്.സി1/06 നമ്പർ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന് ടിയാൻ മറുപടി നൽകുകയും മറുപടി പരിശോധിച്ചശേഷം 28-2-2007-ലെ എൽ.എഫ്-4592/സ്പെ.സെൽ/എസ്.സി1/06 നമ്പർ കത്ത് പ്രകാരം ടിയാളെ സർച്ചാർജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. സി. മോഹൻദാസും ശ്രീ. എ. എഡിസണും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.2.3 കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന് മിച്ച ഫണ്ട് ഉണ്ടായിരിക്കെ കറണ്ട് ചാർജ് യഥാക്രമം ഒടുക്കാതെ പിഴപ്പലിശയിനത്തിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയ മുൻ സെക്രട്ടറിയെ സർച്ചാർജ് നടപടിയിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അന്വേഷിച്ച് അടിയന്തര റിപ്പോർട്ട് ഹാജരാക്കുക. കൂടാതെ പഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. സി. മോഹൻദാസ്, ശ്രീ. എ. എഡിസൻ എന്നിവർക്കെതിരെ നാളിതുവരെ സർച്ചാർജ് നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

2.2.4 കറന്റ് ചാർജിന്റെ പിഴപ്പലിശ ഒടുക്കിയത് ഭരണതല നടപടിയിലൂടെ ഈടാക്കാൻ തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 18-2-2006-ലെ എൽ.എഫ്.റ്റി.ഡി.ജി.പി.2/305/05-ാം നമ്പർ റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തു.

2.2.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നഷ്ടം ശ്രീ. എ. എഡിസണിൽ നിന്നും ഈടാക്കാനായി 18-2-2006-ലെ എൽ.എഫ്.റ്റി.ഡി.ജി.പി.2/307/05-ാം നമ്പർ കത്ത് പ്രകാരം ശിപാർശ ചെയ്യുകയും, 17-4-2006-ലെ എൽ.എഫ്.4592/സ്പെ.സെൽഎസ്.സി.1/2006-ാം നമ്പരായി സർച്ചാർജ് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2.2.6 ശ്രീ. എഡിസൺ നൽകിയ മറുപടി പരിശോധിച്ചും ടിയാനെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 28-2-2007-ലെ എൽ.എഫ്.4592/സ്പെ.സെൽഎസ്.സി.1/06 നമ്പർ കത്ത് പ്രകാരം ശ്രീ. എഡിസണെ സർച്ചാർജ് നടപടികളിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. 13-8-2007-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച എൽ.എഫ്.15544/സ്പെ.സെൽ.ജി.2/07 നമ്പർ കത്ത് പ്രകാരം ശ്രീ. എഡിസണെ സർച്ചാർജ് നടപടികളിൽനിന്നു മാത്രമാണ് ഒഴിവാക്കിയിട്ടുള്ളതെന്നും നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് തടസ്സമില്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളെപ്പറ്റി വിവരങ്ങൾ ലഭിച്ചിട്ടില്ല. ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. എഡിസൺ സേവനത്തിൽ നിന്നും വിരമിച്ചിട്ട് മൂന്ന് വർഷത്തിലധികമായി എന്നും അറിയിച്ചുകൊള്ളുന്നു.

2.2.7 കന്നത്തുകാൽ ഗ്രാമപഞ്ചായത്ത് (1997-98 വർഷം) സെക്രട്ടറിയായിരുന്ന ശ്രീ. മോഹൻദാസിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നു. ടിയാൾ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കറന്റ് ചാർജ് പിഴപ്പലിശ അടവുവരുത്തിയതിന് ശ്രീ. മോഹൻദാസ് ഉത്തരവാദിയല്ലാത്തതിനാൽ സർച്ചാർജ് നടപടി സ്വീകരിച്ചില്ല എന്നും അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 18</u>

<u>ശിപാർശ</u>

2.3.1 മൽസരാധിഷ്ഠിത ടെൻഡറുകളാണോ ലഭിച്ചതെന്ന് പരിശോധിക്കണമെന്നും മേൽ സൂചിപ്പിച്ച വർക്കുമായി യാതൊരു ബന്ധവുമില്ലാത്ത ഇറിഗേഷനിലെ എഞ്ചിനീയറെക്കൊണ്ട് വാല്യൂവേഷൻ നടത്തിയതിന്റെ കാരണം വിശദീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.3.2 മൈവള്ളി ഏലാ വാസുദേവപുരം റോഡ് പണിയിലെ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ലഭിച്ചിരുന്നതായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ട ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. വി. അജയകുമാറിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 9-12-1998-ലെ 869/98/ഡി.പി.സി. നമ്പർ ഉത്തരവ് പ്രകാരമാണ് മുദാക്കൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പണികളുടെ ചുമതല മൈനർ ഇറിഗേഷൻ വെഞ്ഞാറമൂട് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ സാബു ജോർജ്ജിന് നൽകിയത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇറിഗേഷനിലെ എഞ്ചിനീയർ വാല്യൂവേഷൻ രേഖപ്പെടുത്തുന്നതിന് കാരണമായിട്ടുള്ളത്.

തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 2-5-2003-ലെ എൽ.എഫ്.റ്റി.ഡി.ജി.പി.8/414/03 നമ്പർ കത്ത് പ്രകാരം ടി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 36, 37</u>

<u>ശിപാർശ</u>

2.4.1 കേസുമായി ബന്ധപ്പെട്ട ഫയലുകൾ കോടതിയിലോ വിജിലൻസിലോ ഹാജരാക്കേണ്ടി വന്നാൽ പ്രസ്തുത ഫയലുകളുടെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോസ്റ്റാറ്റ് കോപ്പി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ആയത് കർശനമായി പാലിക്കാൻ നിർദ്ദേശം നൽകണം. ഫയലുകൾ എത്രയുംവേഗം കോടതിയിൽ നിന്നും വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ഹാജരാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഫയലുകൾ പരിശോധിച്ച് നിയമസഭാ കമ്മിറ്റിക്ക് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2.4.2 പഞ്ചായത്തുകളിൽ സ്യൂട്ട് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.4.3 1-4-1997 മുതൽ 31-3-1998 വരെ പാങ്ങോട് ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മാംസ വ്യാപാരം നടത്തുന്നതിനുള്ള അവകാശം 5-3-1997-ൽ ലേലം നടത്തി, ലേലം സ്ഥിരപ്പെടുത്തി നൽകിയ ശ്രീ. ജെ. സൈനുലാബ്ദീനിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കാൻ നിർദ്ദേശിക്കുന്നതാണ് ഓഡിറ്റ് പരാമർശം.

2.4.4 ലേലംകൊണ്ട തുക 2,15,000 രൂപയാണ്. ലേല നിബന്ധനപ്രകാരം ലേല തുകയുടെ 10% ലേലംകൊണ്ട ഉടൻ അടയ്ക്കേണ്ടതായിരുന്നു. 52,750 രൂപ 1-3-1997-ൽ അടച്ചിട്ടുണ്ട്. തുടർന്നുള്ള ഗഡുക്കൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. 30-9-1997-ൽ ടി ലേലം ക്യാൻസൽ ചെയ്തു. 25-10-1997-ലെ ക്വട്ടേഷൻ പ്രകാരം (പുനർ ലേലം) 40,002 രൂപ ക്വാട്ടുചെയ്ത ശ്രീ. അബ്ദുൽ ജബ്ബാറിന് ലേലം സ്ഥിരപ്പെടുത്തി. ടിയാൻ 21,000 രൂപ പഞ്ചായത്തു ഫണ്ടിൽ ഒടുക്കി. ബാക്കി 19,002 രൂപ ടിയാൻ മരണപ്പെട്ടതിനാലും ടിയാന് സ്ഥാവരജംഗമ വസ്തുവകകൾ ഇല്ലാത്തതിനാലും ഈടാക്കാൻ സാദ്ധ്യമല്ല എന്ന് കമ്മിറ്റി മുൻപാകെ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു.

2.4.5 ടി തുക ഈടാക്കാൻ സാധിക്കാത്തതിനെ തുടർന്ന് പാങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒ.എസ്.42/99 പ്രകാരം നെടുമങ്ങാട് സബ് ജഡ്ജി മുൻപാകെ 1,21,248 രൂപയും 18% പലിശയും ഉൾപ്പെടെ 1,49,650 രൂപ ഈടാക്കി കിട്ടുന്നതിന് വ്യവഹാരം നൽകിയിട്ടുള്ളതും വിശദമായ വാദപ്രതിവാദങ്ങൾക്കുശേഷം 23-10-2001-ൽ കേസ് ഡിസ്മിസ് ചെയ്തതായി വിധി പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു.

2.4.6 കേസ് തള്ളുന്നതിന് കോടതി കണ്ടെത്തിയ പ്രധാന തെളിവ് 25-3-1997-ൽ വച്ച കരാർ ഉടമ്പടിയാണ്. ഈ കരാർ ഉടമ്പടി കെട്ടിച്ചമച്ചതാണ്. യഥാർത്ഥത്തിൽ ടി കരാർ 25-3-1997-നുശേഷം എഴുതിയുണ്ടാക്കിയതാണ്. ഇതിനു തെളിവായി കോടതി കണ്ടെത്തിയത് കരാറിന്റെ ഒന്നാം പേജിലും രണ്ടാം പേജിലുമായി എഴുതിച്ചേർത്തിട്ടുള്ള ഈ വാചകങ്ങളാണ്. "ടി കരാറുകാരൻ ഇറച്ചി വ്യാപാരം നടത്തുന്നതിന് 2,15,000 (രണ്ട് ലക്ഷത്തി പതിനയ്യായിരം) രൂപ ടി വകയിൽ കൊടുക്കുന്നതിനുള്ള തുകയായ 52,750 (അൻപത്തി രണ്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ) 31-3-1997-ൽ ഒടുക്കിയിട്ടുണ്ട്. ബാക്കി ഒടുക്കേണ്ടിയിരുന്ന തവണകളായ 30-6-1997, 30-9-1997 എന്നീ തവണകളിൽ ഒടുക്കുവാനുള്ള തുകകൾ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല."

2.4.7 കരാറിലെ കരാറുകാരന്റെ ഒപ്പ് വ്യാജമാണെന്ന് കരാറുകാരൻ പറയുന്നു. ഒപ്പിനുതാഴെ കരാറുകാരൻ പേര് എഴുതിയിട്ടില്ല. കരാറിൽ പഞ്ചായത്ത് സെക്രട്ടറി പേരെഴുതി ഒപ്പുവച്ചിട്ടില്ല. കരാറുകാരന് വാക്കാൽ നൽകിയ ഉറപ്പുകളായ കശാപ്പുശാല മൃഗ ഡോക്ടറുടെ/ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഇവ ലഭ്യമാക്കിയിട്ടില്ല എന്നിവയാണ്.

2.4.8 23-10-2001-ൽ നെടുമങ്ങാട് സബ് ജഡ്ജി വിധി പ്രസ്താവിച്ചുവെങ്കിലും അപ്പീൽ സാധ്യതയെക്കുറിച്ച് പഞ്ചായത്ത് ആരായുന്നത് 15-12-2004-ൽ മാത്രമാണ്- അപ്പീൽ കാലാവധി (28-6-2002) കഴിഞ്ഞശേഷം.

2.4.9 കരാർ ഉടമ്പടി വെയ്ക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് ഈ കേസ് തള്ളുന്നതിനുള്ള പ്രധാന കാരണം. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ് (ശ്രീമതി ശിവകുമാരി).

2.4.10 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 21-ാമത് റിപ്പോർട്ട് പേജ് 9-ൽ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV(2)-ൽ പഞ്ചായത്തിന് മൊത്തം 1,90,002 രൂപ ലഭിക്കാനുണ്ട് എന്നാണ് ഓഡിറ്റ് പരാമർശം. എന്നാൽ യഥാർത്ഥ നഷ്ടം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| സൈനുലാബ്ദീൻ ലേലംകൊണ്ട തുക | .. | 2,15,000 (-) |
| 31-3-1997-ലെ ഒടുക്ക് | .. | 52,750 |
| ബാക്കി ഒടുക്കുവാനുള്ളത് | .. | 1,62,250 (-) |
| കുറയ്ക്കുക: ഡെപ്പോസിറ്റ് തുക | .. | 1,000 |
| | | 1,61,250 |
| പുനർലേലംകൊണ്ട 40,002 രൂപയിൽ | | |
| ഒടുക്കുവരുത്തിയ 21,000 രൂപ കുറയ്ക്കുക | .. | 21,000 |
| | | 1,40,250 |

ഈടാക്കേണ്ട തുക 1,40,250 രൂപയും 18% പലിശയും.

2.4.11 റിപ്പോർട്ടിലെ ഖണ്ഡിക 37-മായി ബന്ധപ്പെട്ട പാങ്ങോട് ഗ്രാമപഞ്ചായത്ത് മാംസ വ്യാപാരം ലേലം ചെയ്യുതിൽ തുക പിരിച്ചെടുക്കാൻ ബാക്കി എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിക്കുന്ന ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്, ഫയലുകൾ കോടതിയിൽനിന്ന് ലഭിക്കാൻ വക്കീൽ മുഖേന അപേക്ഷ നല്കിയിട്ടുണ്ടെന്നും ലഭിച്ചാലുടൻ സമർപ്പിച്ചുകൊള്ളാമെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. അതിനാൽ ഫയൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.4.12 പാങ്ങോട് ഗ്രാമപഞ്ചായത്തിന് മാംസ വ്യാപാരം ലേലം ചെയ്തതിൽ നഷ്ടംവന്ന 1,40,250 രൂപയും അതിന്റെ 18% പലിശയും ജെ. സൈനുലാബ്ദീനിൽനിന്ന് ഈടാക്കി ആയതിന്റെ വിശദാംശം അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധിക വിവരങ്ങൾ</u>

2.4.13 പാങ്ങോട് ഗ്രാമപഞ്ചായത്തിലെ മാംസ വ്യാപാരവുമായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് 29-12-2007-ലെ എ 1-613/06 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃത്യമായി സിവിൽ സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ഈ ഓഫീസിലെ 18-1-2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.4.14 പാങ്ങോട് ഗ്രാമപഞ്ചായത്തിലെ മാംസ വ്യാപാര ലേലവുമായി ബന്ധപ്പെട്ട് ഈടാക്കുവാനുള്ള 1,40,250 രൂപയും അതിന്റെ പലിശയും തിട്ടപ്പെടുത്തിയത് എന്ത് മാനദണ്ഡമനുസരിച്ചാണെന്നും ആരിൽനിന്നാണ് ടി തുക ഈടാക്കേണ്ടതെന്നും ആർക്കെല്ലാമെതിരെയാണ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതെന്നുമുള്ള വിവരങ്ങളടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുക.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്ന് ലഭിച്ച മറുപടി</u>

2.4.15 പാങ്ങോട് ഗ്രാമപഞ്ചായത്തിലെ മാംസ വ്യാപാര ലേലവുമായി ബന്ധപ്പെട്ട 1,40,250 രൂപ ഈടാക്കാനുള്ള നിർദ്ദേശം നൽകിയിരുന്നു. തുക തിട്ടപ്പെടുത്തിയവിധം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൈനുലാബ്ദീൻ ലേലം കൊണ്ട തുക | .. | 2,15,000 (-) |
| 31-3-1997-ലെ ഒടുക്കിയ തുക | .. | 52,750 |
| ബാക്കി ഒടുക്കുവാനുള്ള തുക | .. | 1,62,250 (-) |
| ഡെപ്പോസിറ്റ് തുക | .. | 1,000 |
| പുനർലേലംകൊണ്ട 40,002 രൂപയിൽ | | 1,61,250 (-) |
| ഒടുക്കുവരുത്തിയ 21,000 രൂപ കുറയ്ക്കുക | .. | 21,000 |
| | | 1,40,250 +18% പലിശ |

2.4.16 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പുനർലേലംകൊണ്ട ശ്രീ. അബ്ദുൾ ജബ്ബാറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ തുക ഈടാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

2.4.17 മാംസ വ്യാപാരം ആദ്യലേലംകൊണ്ട ശ്രീ. സൈനുലാബ്ദീനെതിരെയാണ് കേസ് ഫയൽ ചെയ്തത്. കേസിൽ പഞ്ചായത്തിനെതിരെയാണ് വിധിയുണ്ടായത്. തുടർന്ന് അപ്പീൽ നടപടികൾ പഞ്ചായത്ത് കൈക്കൊണ്ടില്ല.

2.4.18 പുനർലേലംകൊണ്ട ശ്രീ. അബ്ദുൾ ജബ്ബാർ മരണപ്പെട്ടതിനാലും ടിയാളുടെ സ്വന്തം പേരിൽ വസ്തുവകകൾ ഇല്ലാത്തതിനാലും റവന്യൂ റിക്കവറി നടപടികൾ പരാജയപ്പെട്ടു എന്നും ലേല കാലയളവിൽ സെക്രട്ടറിമാരായിരുന്ന ശ്രീ. രാജൻ ബാബുവും ശ്രീമതി ശിവകുമാരിയും മരണപ്പെട്ടു എന്നും പാങ്ങോട് ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറി 19-11-2012-ലെ എ 1-613/2006-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 42, 43

### ശിപാർശ

2.5.1 ഓഡിറ്റ് പരാമർശമനുസരിച്ചുള്ള നഷ്ടം ഈടാക്കുന്നതിനായി 28-6-2002-ൽ അനുകൂലമായ വിധി വന്നതിനുശേഷവും വിധി നടപ്പാക്കി കിട്ടുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിച്ചില്ല എന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു.

2.5.2 കോടതിവിധി നടപ്പാക്കി കിട്ടുന്നതിനായുള്ള എക്സിക്യൂഷൻ നടപടികൾ അടിയന്തരമായി ആരംഭിക്കാനും തുക ഈടാക്കിയെടുക്കുന്നതിനും സമിതി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇക്കാര്യങ്ങൾ കൃത്യമായി ചെയ്തിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ഒരു ഇടക്കാല റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ മേൽനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലെന്നുള്ളത് സമിതി വളരെ ഗൗരവപൂർവ്വം കാണുന്നു.

### സ്വീകരിച്ച നടപടി

2.5.3 ലേലം കുടിശ്ശിക തുക ഈടാക്കുന്നതിനും പഞ്ചായത്തിന് അനുകൂലമായി 28-6-2002-ൽ വന്ന ആറ്റിങ്ങൽ മുൻസിഫ് കോടതിവിധി നടപ്പാക്കി കിട്ടുന്നതിന് ഇ.പി.102/04 നമ്പരായി 21-2-2004-ൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും പ്രതിക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി എക്സിക്യൂഷൻ പെറ്റീഷൻ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. 17-1-2007-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നിലവിലുള്ള വക്കീലിനെ മാറ്റി പുതിയ വക്കീലിനെ ചുമതലപ്പെടുത്തുകയും കേസിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

2.5.4 ഓഡിറ്റ് പരാമർശം അനുസരിച്ചുള്ള നഷ്ടം ഈടാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും ലേല കുടിശ്ശിക തുക ഈടാക്കുന്നതിന് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്യാൻ കാലതാമസം വരുത്തുന്നതിനുള്ള കാരണവും പ്രതികൾക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള അറസ്റ്റ് വാറണ്ടിന്റെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ

2.5.5 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് കിളിമാനൂർ പബ്ലിക് മാർക്കറ്റ് 1998-99 വർഷം ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം ലേലത്തിൽ കരസ്ഥമാക്കിയ ശ്രീ. രാജേന്ദ്രൻ തുക പഞ്ചായത്തിൽ ഒടുക്കാതെ കുടിശ്ശിക വരുത്തിയതിനാൽ ഗ്രാമപഞ്ചായത്ത് ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ ഒ.എസ് 66/2001 നമ്പരായി കേസ് ഫയൽ ചെയ്യുകയും അതിൽ 26-6-2002-ൽ കോടതി പഞ്ചായത്തിനനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിധി നടപ്പാക്കി കിട്ടുന്നതിന് ഇ.പി. 102/2004 നമ്പരായി ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ 12-12-2004-ൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രതിക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ബഹു. കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം പ്രസ്തുത കേസിൽ പഞ്ചായത്തിന് അനുകൂലമായ വിധി വന്നിട്ടും എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ നിലവിലെ വക്കീലിനെ ഒഴിവാക്കി അഡ്വ. മിനിമോളെ കേസ് നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിരുന്നു. എന്നാൽ ടിയാൾ കേസിന് യഥാസമയം ഹാജരാകാതിരുന്നതിനാൽ കേസ് ഡിസ്മിസ് ചെയ്യുകയുണ്ടായി. ടി സാഹചര്യത്തിൽ ടിയാളെ മാറ്റി പുതിയ അഡ്വക്കേറ്റിനെ ചുമതലപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് 18-6-2012-ൽ IV(1) നമ്പരായി തീരുമാനിക്കുകയും (പകർപ്പ് സമർപ്പിക്കുന്നു) ആയതിൻ പ്രകാരം പുതിയ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി അഡ്വ. വിജയകുമാറിനെ ചുമതലപ്പെടുത്തി. അഡ്വ. വിജയകുമാർ ഡിക്രിക്കുവേണ്ടി അപേക്ഷ നൽകിയെങ്കിലും മുൻ ഡിക്രി ഹോൾഡറിന്റെ കൺസെന്റ് ഇല്ലെന്നറിയിച്ച് അപേക്ഷ നിരസിക്കുകയുണ്ടായി. മുൻ ഡിക്രി ഹോൾഡർ മജിസ്ട്രേറ്റായി പോയതിനാൽ കൺസന്റ് ലഭിക്കാൻ നിർവ്വാഹമില്ലെന്നറിയിച്ച് ഡിക്രിക്കായി വീണ്ടും ഇപ്പോഴത്തെ അഡ്വക്കേറ്റ് അപേക്ഷ സമർപ്പിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി എന്ന വിവരം ബോധിപ്പിക്കുന്നു.

2.5.6 ശ്രീ. രാജേന്ദ്രനിൽ നിന്നും ലേല കുടിശ്ശിക 70,559 രൂപയും പലിശയും കേസിന്റെ ചെലവും ഉൾപ്പെടെ ഈടാക്കി ലഭിക്കുന്നതിലേക്കായി ടിയാന്റെ പേരിലുള്ള

സ്ഥാവരവസ്തുക്കളുടെ വിവരം റിപ്പോർട്ട് ചെയ്യാൻ അഡ്വക്കേറ്റ് നിർദ്ദേശിച്ചിരുന്നു. അത് പ്രകാരം അന്വേഷിച്ചപ്പോൾ അങ്ങനെ ഒരു വ്യക്തി പഴയകുന്നുമ്മേൽ വില്ലേജിൽ ഇല്ലെന്ന് അറിയിക്കുകയും തുടർന്ന് ടിയാന്റെ യഥാർത്ഥ സ്ഥലം പാങ്ങോട് വില്ലേജിലാണെന്ന് മനസ്സിലാക്കുകയും പാങ്ങോട് വില്ലേജാഫീസറോട് ടിയാളുടെ വസ്തുവകകളെ സംബന്ധിച്ച വിവരം ആവശ്യപ്പെടുകയും ചെയ്തു. പാങ്ങോട് വില്ലേജിൽ ശ്രീ. രാജേന്ദ്രന്റെ പേരിൽ വസ്തുവകകൾ ഒന്നുമില്ലെന്ന റിപ്പോർട്ടാണ് വില്ലേജാഫീസിൽ നിന്നും ലഭിച്ചത്. തുടർന്ന് ശ്രീ. രാജേന്ദ്രൻ ലേലസമയത്ത് ഹാജരാക്കിയിരുന്ന സോൾവൻസിയെ സംബന്ധിച്ച് ചിറയിൻകീഴ് താലൂക്ക് തഹസിൽദാരോട് അന്വേഷിച്ചെങ്കിലും ആയതു ലഭ്യമല്ലെന്ന വിവരമാണ് ലഭിച്ചത്. ശ്രീ. രാജേന്ദ്രൻ ഇപ്പോൾ ഒരു മാനസികരോഗിയായി അലഞ്ഞുതിരിഞ്ഞു നടക്കുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30-5-2012-ലെ എ1-574/06 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ശ്രീ. രാജേന്ദ്രനെ കണ്ടെത്തുന്നതിനോ ടിയാൻ എവിടെയാണെന്നറിയുന്നതിനോ ഇതുവരെ സാധിച്ചിട്ടില്ലാത്തതിനാൽ ടിയാനിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക കോടതി മുഖാന്തിരമോ റവന്യൂ റിക്കവറി മുഖാന്തിരമോ ഈടാക്കുവാൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിച്ച് 25-4-2012-ൽ VI(8) നമ്പരായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.5.7 പ്രത്യേക പരാമർശമില്ല.

<u>ഖണ്ഡിക നമ്പർ 50, 51, 52</u>

2.6.1 പഞ്ചായത്ത് സംവിധാനമനുസരിച്ച് ഭരണ വകുപ്പാണ് ഈ പരാമർശം സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത്. സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെയാണ് സാധനങ്ങൾ വാങ്ങിയത്. കിഴുവിലം ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള പഞ്ചായത്തുകളെ സംബന്ധിച്ച് അസി. ഡയറക്ടർ അന്വേഷണം നടത്തണമെന്ന് ലോക്കൽ ഫണ്ട് വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ മേൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.

2.6.2 സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും അവ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

2.6.3 പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പർച്ചേസ് നടത്തുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പർച്ചേസുകൾ, സ്റ്റോർ പർച്ചേസ് മാന്വലിലെയും ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശം സർക്കാർ തലത്തിൽ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അസിസ്റ്റന്റ് ഡയറക്ടർ ഓഡിറ്റ് സംബന്ധമായ എല്ലാ ഫയലുകളും പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മേൽ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്നുള്ളത് സമിതി വളരെ ഗൗരവപൂർവ്വം കാണുന്നു. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ സമിതി ആവശ്യപ്പെടുന്നു.

<u>സ്വീകരിച്ച നടപടി</u>

2.6.4 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യു രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും ഈ ഓഫീസിലെ 18-1-2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി നിർദ്ദേശപ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അന്വേഷണം നടത്തി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ച് തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് ഇത് സഹിതം സമർപ്പിച്ചുകൊള്ളുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.6.5 കിഴുവിലം ഗ്രാമപഞ്ചായത്തിൽ വിവിധ സാധനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ വാങ്ങിയതിലൂടെ ഗുരുതരമായ കൃത്യവിലോപം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുക.

<u>തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ</u>

2.6.7 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യു രജിസ്റ്റർ എന്നിവ കൃത്യമായി എഴുതിസൂക്ഷിക്കുന്നതിനും ഈ ആഫീസിലെ 18-1-2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ചട്ടം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത സർക്കുലർ പ്രകാരം അറിയിച്ചിട്ടുണ്ട്.

കിഴുവിലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി എസ്. വസന്തകുമാരി അമ്മ 31-5-2002-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.8 പ്രത്യേക പരാമർശമില്ല.

ഖണ്ഡിക നമ്പർ 60

ശിപാർശ

2.7.1 ഗിരിവർഗ്ഗ കോളനിയിലെ ആദിവാസികളുടെ കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വള്ളം അനുപേക്ഷണീയമാകയാൽ കേടായ കടത്തുവള്ളം അറ്റകുറ്റപ്പണി നടത്തി എത്രയുംവേഗം സഞ്ചാരയോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ ഇത് സംബന്ധിച്ച് സമിതിക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.7.2 ഖണ്ഡിക 60-മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കിക്കൊണ്ട് 22-1-2007-ൽ എൽ.എഫ്.റ്റി.ഡി.ജി.പി.5/1037/2004-ാം നമ്പരായി പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.7.3 സമിതിയുടെ നിർദ്ദേശം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 65

2.8.1 ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്നതിൽ കാലവിളംബം ഉണ്ടാകരുതെന്നും പഞ്ചായത്തിലെ ചെലവുകളെ സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കുന്നതിൽ കൃത്യതയും കാര്യക്ഷമതയും ഉണ്ടാകേണ്ടതാണെന്നും വൗച്ചറുകൾ തുടങ്ങിയ സുപ്രധാന രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കണമെന്നും അതിനായി കർശന നിർദ്ദേശം വകുപ്പുതലത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.8.2 ഖണ്ഡിക 65-മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കിക്കൊണ്ട് 31-1-2007-ൽ എൽ.എഫ്.റ്റി.ഡി.ജി.പി.10/241/2007-ാം നമ്പരായി പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.8.3 സമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 69, 70

ശിപാർശ

2.9.1 നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനം നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കണമെന്നും സമാനമായ ക്രമക്കേടുകൾ ഇനി ആവർത്തിക്കാതിരിക്കാൻ യുക്തമായ നിർദ്ദേശങ്ങൾ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2.9.2 ഓഡിറ്റ് തടസ്സം സംബന്ധിച്ച് മറുപടി നൽകുന്നതിനായി പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ട വിശദീകരണം നൽകാൻ മുൻ സെക്രട്ടറി തയ്യാറാകാത്തത് സമിതി ഗൗരവപൂർവ്വം കാണുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.9.3 പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. റ്റി. വി. നാരായണന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 30-6-2006-ലെ എൽ.എഫ്.റ്റി.ഡി.ജി.പി. 6-251/06 നമ്പരായി പുറപ്പെടുവിച്ച അനന്തര കുറിപ്പുകളിൽ ടി തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

2.9.4 അരുവിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. വി. നാരായണനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാവുന്നതാണെന്ന് മറുപടി നൽകാനുള്ള കാരണം സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുക.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്ന് ലഭിച്ച അധികവിവരം

2.9.5 അരുവിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. വി. നാരായണൻ 23-8-2002-ൽ നൽകിയ വിശദീകരണത്തിന്റെയും അരുവിക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11-5-2005-ലെ II (6)-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 30-5-2005-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് തിരുവനന്തപുരം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.റ്റി.ഡി.ജി.പി.6-251/05-ാം നമ്പർ അനന്തരക്കുറിപ്പുകൾ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 80

ശിപാർശ

2.10.1 നാട്ടുകാരുടെ പ്രതിഷേധംകൊണ്ടാണോ മണൽവാരാൻ കഴിയാത്തത് എന്ന കാര്യം പഞ്ചായത്ത് സെക്രട്ടറി വിശദമായി അന്വേഷിക്കണമെന്നും ആയതിന്റെ

അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർക്ക് നൽകണമെന്നും ഡയറക്ടർ അത് പരിശോധിച്ച് നടപടിയെടുത്ത് റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.10.2 ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെയും കൂടുതൽ അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ട വിവരം സമർപ്പിക്കുന്നു.

2.10.3 നെയ്യാർ ഡാമിലെ കനാൽ അപ്രതീക്ഷിതമായി തുറന്നുവിട്ടതിനാൽ നദിയിലെ മണൽ അധികവും ഒലിച്ചുപോയിരുന്നു. പഞ്ചായത്ത് ലേലസമയത്ത് ആറ്റിൽ നിന്നും മണൽ കൊണ്ടുവരുന്നതിന് കരയിലേക്ക് റാമ്പ് കെട്ടിക്കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. തൻമൂലം മണൽ യഥാസമയം കയറ്റിവിടാൻ കഴിയാതെവരുകയും കരാറുകാരന് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലേലം അനുവദിച്ചുകൊടുത്ത ഭാഗത്തുതന്നെയുള്ള ഏതാനും വ്യക്തികൾ മണൽകോരൽ തടഞ്ഞതായും നിയമ നടപടികൾ സ്വീകരിച്ചിരുന്നതായും അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിലും കരാറുകാരന് വൻ നഷ്ടം സംഭവിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 86</u>

<u>ശിപാർശ</u>

2.11.1 ലേല നിബന്ധന അനുസരിച്ച് മൂന്ന് ഗഡുക്കളായി തവണകൾ അടയ്ക്കാൻ വ്യക്തമായി വ്യവസ്ഥ ഉണ്ടായിട്ടും അത് പാലിക്കാതെ വീഴ്ചവരുത്തിയത് ഗുരുതരമായ കൃത്യവിലോപമാണെന്നും ഇക്കാര്യത്തിൽ ഇതിനോടകം സ്വീകരിച്ച നടപടികൾ പരിശോധിച്ച് നിയമസഭാ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.11.2 ലേല നിബന്ധനകൾ അനുസരിച്ചുള്ള ഗഡുക്കൾ പ്രകാരം മാത്രമേ തുക സ്വീകരിക്കാൻ പാടുള്ളൂവെന്നും ഗഡുക്കൾ നിശ്ചയിക്കാതെ കൂടുതൽ തവണകളായി തുക ഈടാക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിനും മറ്റ് പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.11.3 ഓഡിറ്റ് പരാമർശം നിലനിൽക്കുന്ന പ്രസ്തുത ഖണ്ഡികയിൻമേൽ സ്വീകരിക്കാവുന്ന മേൽനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ

2.11.4 നഗരസഭകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും വക കടമുറികളോ ആഫീസ് മുറികളോ മാർക്കറ്റ് സ്റ്റാളുകളോ പൊതുമാർക്കറ്റിലെ ഏതെങ്കിലും ഒരു ഭാഗമോ ലേലം ചെയ്തോ മറ്റുവിധത്തിലോ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്നത് സംബന്ധിച്ച കരാറുകളും ബസ് സ്റ്റാന്റ്, മാർക്കറ്റ് തുടങ്ങിയവയിൽ നിന്നുള്ള ഫീസ് പിരിവ് സംബന്ധിച്ച കരാറുകളും ചമയ്ക്കുന്നത്, കേരള സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ എൻട്രി 5 (ഡി) പ്രകാരം 100 രൂപ മൂല്യമുള്ള മുദ്രപ്പത്രത്തിലായിരിക്കേണ്ടതാണെന്ന് സർക്കാരിന്റെ 15-10-2010-ലെ 28758/ഡി.ബി2/10/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.11.5 പ്രത്യേക പരാമർശമില്ല.

ഖണ്ഡിക നമ്പർ 95

ശിപാർശ

2.12.1 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും ആദ്യഘട്ടത്തിൽ നടന്ന റോഡിന്റെ വർക്ക് അംഗീകരിക്കാതെ രണ്ടാമത്തെ വർക്ക് അംഗീകരിച്ചതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഓഡിറ്റ് കഴിയുന്ന അവസരത്തിൽതന്നെ തുടർ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാമായിരുന്നുവെന്നു സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

2.12.2 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിൽ ഓഡിറ്റ് നടത്തുമ്പോൾ പഞ്ചായത്തുകളിലെ വർക്കുകളെ സംബന്ധിച്ച് പൂർണ്ണമായും പരിശോധിക്കാൻ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സൂപ്പർവൈസർമാരുടെ പ്രതിമാസ യോഗത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആയത് അവലോകനം നടത്തുന്നുണ്ട്.

ഖണ്ഡിക നമ്പർ 99

ശിപാർശ

2.13 ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിച്ചു

ഖണ്ഡിക നമ്പർ 103

ശിപാർശ

2.14.1 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ എന്നതിന് രേഖകൾ ഇല്ലാത്തതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നത്. ഇക്കാര്യത്തിൽ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

2.14.2 സമിതിയുടെ നിർദ്ദേശം പാലിക്കുന്നതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഈ ഓഫീസിൽ നിന്നുള്ള 18-1-2007-ലെ എച്ച്1-43880/06 നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

2.14.3 പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കാർഷിക ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ വാങ്ങുകയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുകയും പിന്നീട് രേഖകൾ കൂടാതെ അവ വിതരണം ചെയ്യുകയും ചെയ്ത് ഗുരുതരമായ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ

2.14.4 ഓഡിറ്റ് പരാമർശത്തിനുത്തരവാദിയായ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. യൂസഫ്, 1998-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയും രജിസ്റ്ററുകൾ കൃത്യമായി എഴുതിസൂക്ഷിക്കാതെയും പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കാർഷിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുക.

അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്.

2.14.5 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 110, 111

### ശിപാർശ

2.15.1 തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കാർഷികോപകരണങ്ങൾ വാങ്ങി നൽകിയതിന് പുറമേ 65 പേർക്കുകൂടി കമ്മിറ്റി തീരുമാനമില്ലാതെ അധികമായി കാർഷികോപകരണങ്ങൾ വിതരണം ചെയ്തതും ലോക്കൽ പർച്ചേസ് നടത്തിയതും നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

2.15.2 സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് നിരീക്ഷണം അപൂർണ്ണമാകുന്ന ഒരു സ്ഥിതിവിശേഷം ഉള്ളതായും ഇതുവഴി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് കാലതാമസം നേരിടുന്നതായും സമിതി കണ്ടെത്തി. ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

2.15.3 കാർഷിക ഉപകരണങ്ങൾ വാങ്ങിയതിന് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2.15.4 സ്റ്റോക്ക് പർച്ചേസ് ചട്ടങ്ങൾ കൃത്യമായി പാലിക്കണമെന്നും സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതിസൂക്ഷിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ഈ ഓഫീസിൽ നിന്നുള്ള 18-1-2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

2.15.5 പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കാർഷിക ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ വാങ്ങുകയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുകയും പിന്നീട് രേഖകൾ കൂടാതെ അവ വിതരണം ചെയ്യുകയും ചെയ്ത് ഗുരുതരമായ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുക.

### തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ

2.15.6 ഓഡിറ്റ് പരാമർശത്തിനുത്തരവാദിയായ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. യൂസഫ്, 1998-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയും രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാതെയും പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കാർഷിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുക.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.15.7 പ്രത്യേക പരാമർശമില്ല.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി, 24.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 1.1.10 | തദ്ദേശസ്വയംഭരണ വകുപ്പ് നേമം ഗ്രാമപഞ്ചായത്ത് | ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും അടിയന്തരമായി കണ്ടെത്തി മേൽ നടപടികൾ സ്വീകരിക്കുവാനും അല്ലാത്തപക്ഷം അവ നഷ്ടപ്പെടുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി ശിക്ഷാ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.11 | തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | കോടതി ഉത്തരവിന്റെയും ഭരണ സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.